കെഎസ്എ-കെടിഎം.പി.15-1580/2017 തീയതി-02.11.2017

# കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.01.17 മുതൽ 30.09.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി. സുരേഷ് രാജു, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10/10/2017 മുതൽ 17/10/2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.എൻ രാധാകൃഷ്ണൻ<br>ശ്രീമതി സ്മിത ജി നായർ<br>ശ്രീ ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലൂസമ്മ ജയിംസ് | 01/04/16 - 31/03/17 |
| സെക്രട്ടറി | ശ്രീ എൻ പി ചന്ദ്രൻ<br>ശ്രീ ബെവിൻ ജോൺ വർഗ്ഗീസ് | 01/04/16 - 03/08/16 FN<br>3/8/16 AN - 31.3.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സബിത എസ് വാലുങ്കൽ | 01/04/16 – 31/03/17 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി മോളി ടി.ജോസ് | 01/04/16-31/03/17 |
| പട്ടികജാതിവികസന ഓഫീസർ | ബിജി റ്റി എസ്<br>സനൂജ ബീഗം | 01/04/16- 05/08/16<br>06/08/16 – 31/03/17 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജോഷി ജോസഫ് | 01/04/16-31/03/17 |
| വ്യവസായ വികസന ഓഫീസർ | എൻ വി അജയകുമാർ<br>എം ആർ.സന്തോഷ് | 01/04/16-31/07/16<br>01/08/16-31/03/17 |
| സി.ഡി.പി.ഒ | കെ.മീനാകുമാരി | 01/04/16-31/03/17 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. രേണു ആർ (തലയോലപ്പറമ്പ് സി.എച്ച്.സി) | 01/04/16-31/03/17 |

| | | |
|---|---|---|
| | ഡോ.ബിജു<br>(അറുന്നൂറ്റിമംഗലം സി.എച്ച്.സി) | 01/04/16- 31/03/17 |
| സൂപ്രണ്ട്, ഗവ.മഹിളാമന്ദിരം | ബിനു ജോൺ | 01/04/16- 31/03/17 |

ഉള്ളടക്കം



| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 1-9 | ആഭ്യന്തരനിയന്ത്രണം |
| 1-10 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 2-2 | ഇ-ടെൻഡർ--ടെൻഡർ ഫീ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകിയിട്ടില്ല |
| 2-3 | പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. |
| 2-4 | കൊയ്ത്ത്മെതിയന്ത്രം--പ്രവർത്തനക്ഷമമല്ല--വാടകനഷ്ടം |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | മുൻകൂർ ക്രമീകരിച്ചിട്ടില്ല |
| 3-2 | സി.എച്ച്.സി--തലയോലപ്പറമ്പ്, സി.എച്ച്.സി--അറുന്നൂറ്റിമംഗലം എന്നിവിടങ്ങളിലേയ്ക്ക് മരുന്ന് വാങ്ങൽ (പദ്ധതി നം.എസ്.00/50/2017) മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല |
| 3-3 | റോഡ് ടാറിംഗ് പ്രവൃത്തികൾ--ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല |
| 3-4 | സേവന നികുതി അടവാക്കിട്ടില്ല |

| | |
|---|---|
| 3-5 | ഗുണഭോക്തൃ സമിതി നിർവ്വഹിച്ച പ്രോജക്ട്--ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഇല്ല |
| 3-6 | വായ്പ നാളിതുവരെ അടവാക്കിയില്ല--പലിശ ഇനത്തിൽ സർക്കാരിന് പത്ത് ലക്ഷം രൂപയോളം ബാദ്ധ്യത |
| 3-7 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല തുക തടസ്സപ്പെട്ടുത്തുന്നു |
| 3-8 | ഐ.എ.വൈ--ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പേയ്മെന്റ് |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 23.03.16 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുളള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 736425 | 42215821 | 41479396 | |
| വരവ് | 219315800 | 65242843 | | 154072957 |
| ആകെ | 220052225 | 107458664 | | 112593561 |

| | | | | |
|---|---|---|---|---|
| ചെലവ് | 219311650 | 84557834 | | 131753816 |
| നീക്കിയിരിപ്പ് | 740575 | 22900830 | 22160255 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 10.07.2017 |

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവുമായി വലിയ അന്തരമാണുള്ളത്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ മനസിലാക്കി ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു. സാക്ഷ്യപത്രം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42215821 |
| വരവ് | 65242843 |
| ആകെ | 107458664 |
| ചെലവ് | 84557834 |
| നീക്കിയിരിപ്പ് | 22900830 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 21912761 | 21912761 | 13629725 | 8283036 | 62 |
| വികസനഫണ്ട് എസ്.സി.പി. | - | 10758780 | 10758780 | 7849374 | 2909406 | 73 |
| വികസനഫണ്ട് ടി.എസ്.പി. | - | 198339 | 198339 | 198339 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3409275 | 3409275 | 1301061 | 2108214 | 47 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 71 | 57457505 | 46 | 29888018 | 3 | 22 | 65 |

2016-17വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2016/DPC/DPO/KTM 03.09.16 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ് യോഗം - 12.02.2016, 21.06.16, 19.07.16, 20.07.16

പദ്ധതിരൂപീകരണഗ്രാമസഭകൾ- 29.02.16,26.04.16

വികസന സെമിനാർ- 05.07.16

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

. ഉല്പാദനമേഖലയുടെ വളർച്ചയെ സഹായിക്കുന്ന നെൽകൃഷി വികസനം, മുളക്കുളം പാടശേഖരത്തിലേക്കുള്ള നീരൊഴുക്ക് സൗകര്യം വർദ്ധിപ്പിച്ച് കൃഷിയോഗ്യമാക്കുക മുതലായ പ്രോജക്ടുകൾ നടപ്പാക്കി.

. സേവനമേഖലയിൽ സമ്പൂർണ്ണ മാലിന്യ നിർമ്മാർജനം,ഐ.എ.വൈ ഭവനനിർമ്മാണം, ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ, സി എച്ച് സി അറ്റകുറ്റപ്പണി, ഷീ ടോയ്‌ലറ്റ് തുടങ്ങിയ പ്രധാന പ്രോജക്ടുകൾ നടപ്പാക്കി.

.പശ്ചാത്തല മേഖലയിൽ വിവിധ റോഡുകളുടെ ഫില്ലിങ്ങ്, റീ ടാറിംഗ് കല്ലറ മഹിളാമന്ദിര കെട്ടിട നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്.

. പട്ടികജാതി വിഭാഗക്കാർക്കായി മുത്തേട്ട് എസ്. സി കോളനിക്ക് കുടിവെള്ളപൈപ്പ് ലൈൻ ഇടീൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കോളനികളുടെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ഐ.എ.വൈ ഭവനനിർമ്മാണം, മാന്നാർ മാത്താംകുന്ന് പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് ട്രെയിനിംഗ് സെന്ററിന്റെ അനുബന്ധ സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രോജക്ടുകളും നടപ്പാക്കി.

. പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ഭവന നിർമ്മാണം, പഠനമുറി തുടങ്ങിയ പ്രോജക്ടുകളും നടപ്പാക്കി

കോട്ടങ്ങൾ

. എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയില്ല.

. IAY ധനസഹായം നൽകുന്നതിന് 2012-13 വർഷം സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പതിരിച്ചടവിന് പ്രോജക്ട് തയ്യാറാക്കിയില്ല.

## 1-7 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എന്നാൽ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.14 | 2015-16 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.01.2014 മുതൽ 7.1.2014 വരെ | 2008-09 മുതൽ 2012-13വരെ | LBA(HQ/I1/8A-2053/48 Dt.19/02/2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക, കമ്മിറ്റിയുടെ 07.07.2017 ലെ V നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 62115402 രൂപയും ചെലവ് 67932045 രൂപയുമാണ്. തൻവർഷ ഡെഫിസിറ്റ് 5816643 രൂപയാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 107458664- രൂപയും ആകെ ചെലവ് 84557834/-രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 22900830/- രൂപയാണ്. ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമം പൂർണ്ണമായിട്ടില്ല.
2. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ പ്രത്യേകാവശ്യങ്ങൾക്ക് ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. SGSYഅക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന നീക്കിയിരിപ്പ് തുകയായ 3000രൂപ യഥാർത്ഥമല്ല. ബുക്ക് ചെയ്തിരിക്കുന്ന ഐ.എ.വൈ തുകകളുടെ കൃത്യത കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.
3. B-11(a) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി 12042486 രൂപ കാണിച്ചിട്ടുണ്ട്.എന്നാൽ ആയതിന്റെ കൃത്യത പരിശോധനയ്ക്ക് ലഭ്യമായില്ല.
4. കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം ഡെപ്പോസിറ്റ് ചെയ്തതും വിനിയോഗിച്ചിട്ടില്ലാത്തതുമായ 1243639 രൂപ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക ഷെഡ്യൂൾ 47 പ്രകാരം 235213 രൂപ തൻ വർഷം അഡ്വാൻസ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഇത് 188865 രൂപയാണ്.
6. റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക ഷെഡ്യൂൾ 7, 31 (വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയൊഴികെയുള്ള) എന്നിവയിൽ ലഭിച്ച തുകകളുടെ കൃത്യത വ്യക്തമല്ല.
7. റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക ഷെഡ്യൂൾ 26 പ്രകാരമുള്ള തുകയുടെ കൃത്യത വ്യക്തമല്ല.
8. ട്രഷറി TSB അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ ലഭ്യമാക്കിയില്ല. 600 രൂപയുടെ വ്യത്യാസം വാർഷികകണക്കുമായി നിലനിൽക്കുന്നു.

## 2-2 ഇ-ടെൻഡർ -ടെൻഡർ ഫീ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല.

2016-17 വർഷം താഴെ പറയുന്ന മരാമത്ത് വേലകൾ ഇ ടെന്റർ മുഖേനയാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ടെന്റർ ഫീസ് കരാറുകാർ ഒടുക്കിയ തുക എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് തനത്ഫണ്ട് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റി നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ട് | അടങ്കൽ | ടെൻഡർ വാങ്ങിയവരുടെ എണ്ണം | ടെൻഡർ ഫീസ് (വാറ്റുൾപ്പെടെ) |
|---|---|---|---|---|
| 1 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് കാടാശ്ശേരി SC കോളനി അടിസ്ഥാന സൗകര്യം | 700000 | 6 | 1470 |
| 2 | കണക്കഞ്ചേരി SC കോളനി ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ | 950000 | 3 | 1995 |
| 3 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് എരുമാന്തുരുത്ത് SC കോളനി അടിസ്ഥാന സൗകര്യ വികസനം | 500000 | 1 | 1050 |
| 4 | കല്ലറ ഗ്രാമപഞ്ചായത്ത് കളമ്പ് കാട് -മൂക്കത്തുവാല റോഡ് റീടാറിംഗ് | 500000 | 2 | 1050 |

| | | | | |
|---|---|---|---|---|
| 5 | കല്ലറ ഗ്രാമപഞ്ചായത്ത് കൊതവറക്കുന്ന് 4 സെന്റ് കോളനി അടിസ്ഥാനസൗകര്യം | 500000 | 4 | 1050 |
| 6 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് മാന്നാർ പാറാവേലി റെയിൽവേ റോഡ് ടാറിംഗ്, ഡ്രയിനേജ് സൗകര്യം | 500000 | 3 | 1050 |
| 7 | മുളക്കുളം ഗ്രാമപഞ്ചായത്ത് പൂഴിക്കോൽ എസ്.സി.കോളന് അടിസ്ഥാന സൗകര്യവികസനം | 500000 | 2 | 1050 |
| 8 | പുളിഞ്ചുവട് എസ്.സി.കോളനി അടിസ്ഥാന സൗകര്യവികസനം | 500000 | 3 | 1050 |
| 9 | ഷീ ടോയ്ലറ്റ് നിർമ്മാണം | 600000 | 2 | 1050 |
| 10 | കല്ലറ ഗ്രാമപഞ്ചായത്ത് ഉദയംതറ കോളനി അടിസ്ഥാന സൗകര്യ വികസനം | 500000 | 4 | 1050 |
| 11 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് വരിക്കാംകുന്ന് കോളനി അടിസ്ഥാന സൗകര്യ വിരസനം | 500000 | 1 | 1050 |
| 12 | വെള്ളൂർ ഗ്രാമപഞ്ചായത്ത് വരിക്കാംകുന്ന് കോളനി അടിസ്ഥാന സൗകര്യ വികസനം | 500000 | 3 | 1050 |
| 13 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് അലരി-ഇടംപട് റോഡ് ടാറിംഗ് | 500000 | 3 | 1050 |
| 14 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഗോവിന്ദപുരം എസ്.സി.കോളനി അടിസ്ഥാന സൗകര്യവികസനം | 500000 | 1 | 1050 |
| 15 | മുളക്കുളം പാടശേഖരത്തിലേയ്ക്കുള്ള നീരൊഴുക്ക് സൗകര്യം വർദ്ധിപ്പിച്ച് കൃഷിയോഗ്യമാക്കൽ | 1050000 | 6 | 2625 |
| 16 | കല്ലുങ്കൽ കോളകംതോട് ആഴം കൂട്ടി പാടശേഖരത്തിലേയ്ക്കുള്ള നീരൊഴുക്ക് സൗകര്യം വർദ്ധിപ്പിക്കൽ | 502837 | 9 | 1050 |
| 17 | മടത്താറ്റ് എസ്.സി കോളനിയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 550000 | 2 | 1155 |
| 18 | മാന്നാർമാത്താംകുന്ന് പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് ട്രയിനിംഗ് സെന്ററിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 550000 | 3 | 1155 |
| 19 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം | 875000 | 4 | 1838 |
| 20 | മാത്താങ്കരി ബി-ബ്ലോക്ക് പാടശേഖരത്തിന് പാറക്കുഴിയും മോട്ടോറും സ്ഥാപിക്കൽ | 550000 | 3 | 1155 |
| 21 | വെള്ളൂർ മണിയഞ്ചിറ പാടത്തിന് മോട്ടോർ ഷെഡ്ഡും പള്ളിത്താഴം പാടശേഖരത്തിന് പാറക്കുഴിയും മോട്ടോറും | 500000 | 1 | 1050 |
| 22 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പുതുശ്ശേരി മനയ്ക്കച്ചിറ റോഡ് എർത്ത് ഫില്ലിംഗ് | 500000 | 2 | 1050 |
| 23 | നാഖാലിൽ-താന്നിക്കാ നിരപ്പ് കോളനി റോഡ് റീ ടാറിംഗ് | 500000 | 2 | 1050 |
| 24 | ഞീഴൂർ ഗ്രാമപഞ്ചായത്ത് തോടാട്ട് നിരപ്പ് വല്ലാട്ടുപടി റോഡ് റീ ടാറിംഗ് | 500000 | 4 | 1050 |
| 25 | വെള്ളൂർ ഗ്രാമപഞ്ചായത്ത് വടകര ശവക്കോട്ടപ്പാലം റോഡ് റീ ടാറിംഗ് | 500000 | 3 | 1050 |

| | | | | |
|---|---|---|---|---|
| 26 | ഞീഴൂർ പഞ്ചായത്ത് വിശ്വഭാരതി പാറയ്ക്കൽ റോഡ് റീ ടാറിംഗ് | 500000 | 2 | 1050 |
| 27 | മുളക്കുളം ഗ്രാമപഞ്ചായത്ത് സെറ്റിൽമെന്റ് കോളനി അടിസ്ഥാന സൗകര്യ വികസനം | 500000 | 2 | 1050 |
| 28 | അറുന്നൂറ്റിമംഗലം തലയോലപ്പറമ്പ് സി.എച്ച്.സി.കളിൽ വനിതകൾക്കും കുട്ടികൾക്കും വിശ്രമ സൗകര്യത്തിനുള്ള സംവിധാനവും ക്യാന്റീനിന്റെ ദ്രവമാലിന്യ സംസ്കരണവും | 1250000 | 1 | 2625 |
| 29 | കോട്ടമാംകരി പാടശേഖരത്തിന് പെട്ടിപറ മറ്റത്തിൽ കുന്നേത്തരി കുമരങ്കരി പാടശേഖരത്തിന് മോട്ടോർ ഷെഡ്, പറമ്പിനാൽ 54 പാടശേഖരം നീരൊഴിക്കിന് വേണ്ടി വാർക്ക പൈപ്പ് | 750000 | 1 | 1575 |
| 30 | മുളക്കുളം ഗ്രാമപഞ്ചായത്ത് കീഴൂർ ആപ്പാഞ്ചിറ തോടിന് കുറുകെ കലുങ്ക് നിർമ്മാണം | 500000 | 5 | 1050 |
| 31 | വനിത ഉല്പാദന വിപണന കേന്ദ്രം നിർമ്മാണം | 1700000 | 8 | 2625 |
| 32 | തലയോലപ്പറമ്പ് പഞ്ചായത്ത് വാളവേലിൽ എസ്.സി.കോളനി സങ്കേതത്തിന് അടിസ്ഥാന സൗകര്യ വികസനം | 500000 | 1 | 1050 |
| 33 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് എഴുമാന്തുരുത്ത് എസ്.സി.കോളനി അടിസ്ഥാന സൗകര്യ വികസനം | 500000 | 4 | 1050 |
| 34 | അറുന്നൂറ്റിമംഗലം സി.എച്ച്.സി.യുടെ ചുറ്റുമതിൽ പൂർത്തീകരണം | 450000 | 2 | 945 |
| 35 | അറുന്നൂറ്റിമംഗലം തലയോലപ്പറമ്പ് സി.എച്ച്.സി.കളുടെ ശീതീകരണം | 325000 | 1 | 683 |
| 36 | അറുന്നൂറ്റിമംഗലം തലയോലപ്പറമ്പ് സി.എച്ച്.സി.കളിൽ വനിതകൾക്കും കുട്ടികൾക്കും വിശ്രമ സൗകര്യത്തിനുള്ള സംവിധാനവും ക്യാന്റീൻ ദ്രവ്യമാലിന്യ സംസ്കരണവും | 1250000 | 1 | 2625 |
| 37 | കോട്ടയം കരി പാടശേഖരത്തിന് പെട്ടിപറ മറ്റത്തിൽ കുന്നേൽക്കരി കുമരത്തുകരി പാടശേഖരത്തിന് മോട്ടോർ ഷെഡ് പുലയ കോളനി പറമ്പിനാൽ 54 പാടശേഖരം നീരോഴുക്കിനു വേണ്ടി വാർക്ക പൈപ്പ് | 750000 | 1 | 1575 |

മേൽ തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനും വാറ്റിനത്തിനുള്ള തുക സർക്കാരിലേയ്ക്ക് അടവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന ശീർഷകങ്ങളിൽ ചുവടെ ചേർക്കുന്ന തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു.

പ്രത്യേക പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതം ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. ടി തുകകൾ ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 1 | 320100102-Centrally Sponsored Scheme-Swarnajayanthy Grama SwaroZgar Yojana(SGSY) | 3000 |

| | | |
|---|---|---|
| 2 | 320100115 Centrally Sponsored Scheme- Total Sanitation Campaign | 535983 |
| 3 | 320100199 Centrally Sponsored Scheme-- | 169718 |
| 4 | 320100204- Grants, Funds, Contributon for specific purposes | 322478 |
| 5 | 320200205-Funds for transfered Institutions-Social Welfare capital | 290481 |
| 6 | 320200301 Grants funds Contributon for specific purposes | 3230 |
| 7 | 320200307 Grants, Funds Contributon for specific purposes | 122534 |
| 8 | 320200309 Literacy Scheme Grant | 273080 |
| 9 | 320300199-Contributions for specific purposes- Other Government Agencies | 2009 |

പ്രസ്തുത തുകകൾ ലഭിച്ച വർഷം, ആവശ്യം, ചെലവഴിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം എന്നീ വിവരങ്ങൾ നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ അന്വേക്ഷണക്കുറിപ്പിന് (നം.3) മറുപടി ലഭിച്ചില്ല.

## 2-4 കൊയ്ത്ത് മെതിയന്ത്രം -പ്രവർത്തനക്ഷമമല്ല--വാടക നഷ്ടം- നടപടി സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിപാലനത്തിലുമുള്ള കൊയ്ത്ത് മെതിയന്ത്രം 2016-17 വർഷം വാടകകയ്ക്ക് നൽകിയിട്ടില്ല എന്ന് വാർഷികകണക്കുകളുടെ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു .യന്ത്രം വാടകയ്ക്ക് നൽകാതിരുന്നതിന്റെ കാരണം രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേക്ഷണക്കുറിപ്പിന് (നം.5) യന്ത്രം പ്രവർത്തനരഹിതമായി ബ്ലോക്ക്പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ച് യന്ത്രം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുൻകൂർ ക്രമീകരിച്ചിട്ടില്ല

വിവിധ ആവശ്യങ്ങൾക്കായി നൽകിയ താഴെപറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയ തീയതി | അഡ്വാൻസ് നൽകിയത് | തുക | ചെക്ക് നം |
|---|---|---|---|
| 11.01.2017 | ഷാജി ജേക്കബ് ജി ഇ ഒ | 10000 | 576672 |
| 20.03.17 | സെക്രട്ടറി | 6190 | 762170 |
| 25.4.17 | ശ്രീ.എസ് പ്രദീപ്, ജി ഇ ഒ | 10000 | 762176 |
| 26.04.17 | ശ്രീമതി കെ.എൻ ഷീല പ്രേരക് | 42832 | 3989463 |
| 11.5.17 | ശ്രീ.എസ് പ്രദീപ്, ജി ഇ ഒ | 8750 | 3989472 |
| 23.05.17 | ശ്രീ.എസ് പ്രദീപ്, ജി ഇ ഒ | 10000 | 3989479 |
| 30.05.17 | ശ്രീ.എസ് പ്രദീപ്, ജി ഇ ഒ | 4905 | 762178 |

| | | | |
|---|---|---|---|
| 13.07.17 | ശ്രീ.എസ് പ്രദീപ്, ജി ഇ ഒ | 19500 | 762181 |
| 27.07.17 | ശ്രീ.എസ് പ്രദീപ്, ജി ഇ ഒ | 11700 | 762181 |
| | ആകെ | 123877 | |

പ്രസ്തുത മുൻകൂറുകൾ നാളിതുവരെ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.6) മറുപടി ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 അനുച്ഛേദം 99 പ്രകാരം, മുൻകൂറുകൾ കൈപ്പറ്റി മൂന്ന മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. മൂന്ന മാസത്തിനകം അഡ്ജസ്റ്റ് ചെയ്യാത്ത മുൻകൂറുകൾ 18% പലിശ സഹിതം തിരികെ ഈടാക്കണമെന്ന് ധനകാര്യവകുപ്പിന്റെ 4.10.2011ലെ സർക്കാർ ഉത്തരവ് നം.(പി)419/2011ൽ വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ മുൻകൂറുകൾ നൽകിയ തുകകൾ 18% പലിശ സഹിതം പ്രസ്തുത വ്യക്തികളിൽ നിന്നോ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ് .

## 3-2 സി.എച് .സി - തലയോലപ്പറമ്പ് , സി.എച് .സി - അറുനൂറ്റിമംഗലം എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങൽ (പദ്ധതി നം. S00 50/ 2017) - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അറുനൂറ്റിമംഗലം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S00 50/ 2017 നം പദ്ധതി പ്രകാരം, ബ്ലോക്ക് പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി 4,00,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട് . വൗച്ചർ നം.02/2016-17, വൗച്ചർ നം.06/2016-17, വൗച്ചർ നം.01/2016-17. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം (തുക) | ലഭിച്ച മരുന്നുകളുടെ വിവരം (തുക) | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1) | സി.എച്ച്.സി തലയോലപ്പറമ്പ് | 2,00,000 | 1,87,086 | 12,914 | മെഡിക്കൽ ഓഫീസർ, സി.എച്ച്. സി അറുനൂറ്റിമംഗലം |
| 2) | സി.എച്ച്.സി അറുനൂറ്റിമംഗലം | 1,00,000 | 29,361 | 70,639 | മെഡിക്കൽ ഓഫീസർ, സി.എച്ച്. സി അറുനൂറ്റിമംഗലം |
| 3) | സി.എച്ച്.സി അറുനൂറ്റിമംഗലം | 1,00,000 | 77,131 | 22,869 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി അറുനൂറ്റിമംഗലം |
| | ആകെ | 4,00,000 | 2,93,578 | 1,06,422 | |

ആകെ 1,06,422/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആകയാൽ 1,06,422/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-3 റോഡ് ടാറിങ്ങ് പ്രവൃത്തികൾ–ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല

പ്രോജക്റ്റ് നം-46/17

കരാറുകാരൻ– റ്റി.എസ്.അശോകൻ

ചെലവ്- 310591/- രൂപ (ബിൽ നം-26/16-17 തീയതി-30.03.2017)

ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. ഡി.എസ്.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പായ്ക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (238 +14.5% VAT) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ തൻവർഷം നടപ്പാക്കിയ വടകര ശവക്കോട്ടപ്പാലം റീ ടാറിംഗ് എന്ന പ്രവർത്തിയുടെ ബില്ലിൽനിന്നും മേൽപ്പറഞ്ഞപ്രകാരം ബാരൽവില ഈടാക്കിയിട്ടില്ല. മേൽ പ്രവൃത്തിക്കായി 1560 കി.ഗ്രാം ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ളതായി അളവ് പുസ്തകത്തിൽ നിന്നും വ്യക്തമാകുന്നു (അളവ് പുസ്തകം നം-15). തൻമൂലം പഞ്ചായത്ത് കരാറുകാരന് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1) തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ആകെ അധികം നൽകിയ തുക 2730/-രൂപ (273x10) കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 സേവനനികുതി അടവാക്കിയിട്ടില്ല

2016-17 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിക്ക് സേവനനികുതി ഇനത്തിൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് കരാറുകാരന് നല്കിയിട്ടുള്ളതായി കാണുന്നു. ആകെ വേല മൂല്യത്തോടൊപ്പം സേവന നികുതി ഇനത്തിൽ വകയിരുത്തിയ തുക കൂടി ഉൾപ്പെടുത്തുകയും ആകെ തുകയിൽ നിന്ന് സേവനനികുതി ഒഴികെയുള്ള നികുതികൾ കുറച്ച തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് നല്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ സേവന നികുതിയിനത്തിൽ പിൻവലിച്ച തുക അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്റ്റ് | കരാറുകാരൻ | സേവനനികുതിയിനത്തിൽ പിൻവലിച്ച തുക | ബിൽ നം |
|---|---|---|---|
| 34/17 മുളക്കുളം ഗ്രാമപഞ്ചായത്ത് വടകുന്നപ്പുഴ സെറ്റിൽമെന്റ് കോളനി അടിസ്ഥാന സൗകര്യവികസനം | ശശിധരൻ നായർ | 22735 | ബിൽ നം-8/16-17 /25/02/17 |
| 71/17 മടത്തേട്ട് എസ്.സി കോളനിക്ക് കുടിവെള്ള പൈപ്പ് ലൈൻ ഇടീൽ | കെ. കെ.ശശിധരൻ നായർമ | 23163 | ബിൽ നം-6/16-17 /25/02/17 |

സേവനനികുതി ഉൾപ്പെടെയുള്ള തുക കൺവീനർക്ക് നൽകിയെങ്കിലും സേവനനികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. സേവനനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.2) പ്രോജക്റ്റ് നം.34/17 ന്റെ സേവനനികുതി കരാറുകാരൻ അടവാക്കിയതാണെന്ന് അറിയിച്ചുവെങ്കിലും ചെലാന്റെ പകർപ്പ് ഹാജരാക്കിയില്ല. സേവന നികുതിയിനത്തിൽ വകയിരുത്തിയ തുക ബിൽ മാറിയ തീയതിയിൽ തന്നെ കേന്ദ്ര സർക്കാരിലേയ്ക്ക് ഒടുക്കേണ്ടിയിരുന്നു. ഇപ്രകാരം സേവന നികുതിയിനത്തിൽ ഒടുക്കാതെ കൺവീനർമാർക്ക് നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട നിയമത്തിൽ അനുശാസിക്കുന്ന വിധം ഒടുക്കുകയോ അല്ലെങ്കിൽ തുക കൈപ്പറ്റിയ കരാറകാരൻ തുക അടച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. അടവ് വിവരം ലഭ്യമല്ലാത്ത 45898/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃ സമിതി നിർവ്വഹിച്ച പ്രോജക്റ്റ്-ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

പ്രോജക്റ്റ്- നം.62/17, ബ്ലോക്ക് കോമ്പൗണ്ടിൽ പണിതീർത്ത കുഴൽ കിണറിന് മോട്ടോർ, പൈപ്പ് സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥ- അസി.എക്സിക്യൂട്ടീവ് എൻജിനീയർ

കൺവീനർ -ബിബിൻ ബേബി

ചെലവ്- 199882/- രൂപ, ബിൽ നം-22/16-17 /30-03-17

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. അളവ് പുസ്തക പ്രകാരം 1000 ലിറ്റർ വാട്ടർ ടാങ്ക് വാങ്ങിയതിന് 9940/-രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട് . ടാങ്ക് വാങ്ങിയതിന്റെ ബിൽ ഫയലിൽ ലഭ്യമല്ല.
2. പ്രോജക്ടിൽ ക്വട്ടേഷൻ ക്ഷണിച്ച് പമ്പ് വാങ്ങുന്നതിന് 93515 രൂപ ഉൾപ്പെടുത്തിയിരുന്നു. ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.4) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ ഇനങ്ങൾക്കായി ചെലവഴിച്ച 103455/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 വായ്പ നാളിതുവരെ അടവാക്കിയില്ല-പലിശ ഇനത്തിൽ സർക്കാരിന് പത്ത് ലക്ഷം രൂപയോളം ബാദ്ധ്യത

ഐ.എ.വൈ. യുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതു മൂലമുണ്ടായ അധിക ബാദ്ധ്യത പരിഹരിക്കുന്നതിനായി ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് സ.ഉ(എം.എസ്)നം.90/13 ത.സ്വ.ഭ.വ. തീയതി 14.03.13 പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിരുന്നു. വായ്പ തുകയുടെ തിരിച്ചടവ് മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (കൈ) നം. 332/13/തസ്വഭ തീയതി 09.10.13 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് ഖ.6.1 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കുന്ന വായ്പ തുക (Principal Amount) പത്ത് വർഷം കൊണ്ട് തുല്യഗഡുക്കളായി അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വടയാർ സഹകരണ ബാങ്കിൽ നിന്നും 589600രൂപയും തലയോലപ്പറമ്പ് എസ്.സി.ബി.യിൽ നിന്നും 444900രൂപയും വെള്ളൂർ സഹകരണ ബാങ്കിൽ നിന്നും 1500000രൂപയും ഉൾപ്പെടെ 2534500രൂപ വായ്പ എടുത്തിരുന്നെങ്കിലും നാളിതു വരെ തിരിച്ചടവിന് പ്രോജക്ട് തയ്യാറാക്കിയിരുന്നില്ല. വായ്പതുകയുടെ 31/03/17 വരെയുള്ള പലിശ 936230 രൂപയാണ്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് വായ്പതുക തിരിച്ചടവിനുള്ള പ്രോജക്ട് തുടർവർഷങ്ങളിൽ നടപ്പാക്കേണ്ടതാണ്.

## 3-7 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു

വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചുവടെ ചേർക്കുന്ന ചെലവുകൾ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നം.പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ നം./ ഡി.ഡി.നം. | ചെലവിന്റെ വിശദാംശം |
|---|---|---|---|---|---|---|
| 1 | 85/16-17 - കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | സെക്രട്ടറി | കേരള വാട്ടർ അതോറിറ്റി | 1243639/- | 46/16-17 /തീയതി 29.03.17 | അക്കൗണ്ട് ട്രാൻസ്ഫർ |
| 2 | 82/16-17-കേരള സാമൂഹ്യ സുരക്ഷാ മിഷന് ധനസഹായം | സെക്രട്ടറി | കേരള സാമൂഹ്യ സുരക്ഷാ മിഷൻ | 5,00,000 | 33/16-17 /തീയതി 21.02.17 | അക്കൗണ്ട് ട്രാൻസ്ഫർ |
| 3 | 13/16-17- ഐ കെ എം ന് ധനസഹായം | സെക്രട്ടറി | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം | 28602 | 18/16-17, തീയതി 11.11.16 | രസീത് നം. 16307 തീയതി 7/12/16 പ്രകാരം ഐ.കെ.എം. തുക കൈപ്പറ്റിയിട്ടുണ്ട് |
| 4 | 16/16-17 സമ്പൂർണ്ണ മാലിന്യ | സെക്രട്ടറി | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് | 400000/- | 39/16-17 തീയതി | അക്കൗണ്ട് ട്രാൻസ്ഫർ |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാർജ്ജനം | | | | 04.03.17 | |
| | ആകെ | | | 2172241 | | |

## 3-8 ഐ.എ.വൈ -ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

2016-17 വർഷത്തിൽ ജനറൽ വിഭാഗത്തിൽ 45 ഉം എസ്.സി വിഭാഗത്തിൽ 13 ഗുണഭോക്താക്കളുമുൾപ്പെടെ ആകെ 58 പേർ ബ്ളോക്ക് പഞ്ചായത്തുമായ് കരാറിലേർപ്പെട്ടു.ആയതിൽ ജനറൽ വിഭാഗത്തിൽ 10 പേരും എസ്.സി വിഭാഗത്തിൽ 8 പേരും ഭവനനിർമ്മാണം പൂർത്തിയാക്കി. അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാറിലേർപ്പെട്ട വർഷം | വിഭാഗം | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | കുമാരി ശശി | 2013-14 | എസ്.സി | 135250 |
| 2 | ജയ്മോൾ അബ്രഹാം | 2013-14 | ജനറൽ | 140000 |
| 3 | അമ്പിളി രാജു | 2013-14 | എസ്.സി. | 20000 |
| 4 | സജിത | 2014-15 | എസ്.സി. | 90000 |
| 5 | മേരി കുഞ്ഞുമോൻ | 2014-15 | ജനറൽ | 190000 |
| 6 | ഓമന കുമാരൻ | 2014-15 | എസ്.സി. | 30000 |
| 7 | മാധവി സി.കെ. | 2014-15 | എസ്.സി. | 150000 |
| 8 | സബിതാ സക്കീർ | 2014-15 | ജനറൽ | 40000 |
| 9 | രാജൻ | 2015-16 | ജനറൽ | 169000 |
| 10 | ഷൈനി രാജൻ | 2015-16 | ജനറൽ | 270000 |
| 11 | ടിനു രതീഷ് | 2015-16 | എസ്.സി. | 60000 |
| 12 | അമ്പിക രാജൻ | 2015-16 | എസ്.സി. | 17500 |
| 13 | ഷൈല രാജപ്പൻ | 2015-16 | എസ്.സി. | 17500 |
| 14 | ശ്യാമള ശശിധരൻ | 2015-16 | എസ്.സി. | 17500 |
| 15 | ജോൺസി ജോസഫ് | 2015-16 | ജനറൽ | 17500 |
| 16 | അജിത സുരേന്ദ്രൻ | 2015-16 | എസ്.സി. | 17500 |
| 17 | സുമതി നാണപ്പൻ | 2015-16 | എസ്.സി. | 50000 |

| | | | | |
|---|---|---|---|---|
| 18 | രമണി കൃഷ്ണൻ | 2015-16 | ജനറൽ | 59500 |
| 19 | ലീല ബാബു | 2015-16 | ജനറൽ | 169500 |
| 20 | സുലോചന പത്മനാഭൻ | 2015-16 | എസ്.സി. | 169500 |
| 21 | ബാബു സെബാസ്റ്റ്യൻ | 2016-17 | ജനറൽ | 176000 |
| 22 | ഗീതാ മണി | 2016-17 | ജനറൽ | 80000 |
| 23 | ഉദയകുമാരിബിജു | 2016-17 | ജനറൽ | 80000 |
| 24 | തങ്കപ്പൻ എൻ.പി. | 2016-17 | ജനറൽ | 128000 |
| 25 | ജോണി പൈലി | 2016-17 | ജനറൽ | 48000 |
| 26 | തങ്കമ്മ പുനവ | 2016-17 | എസ്.സി. | 153000 |
| 27 | ശ്രീകുമാർ | 2016-17 | എസ്.സി. | 20000 |
| 28 | ബേബി തോമസ് | 2016-17 | ജനറൽ | 128000 |
| 29 | മേരി ആബേൽ | 2016-17 | ജനറൽ | 128000 |
| 30 | ജോസഫ് പി. | 2016-17 | ജനറൽ | 176000 |
| 31 | റോബി ജോൺ | 2016-17 | ജനറൽ | 80000 |
| 32 | ജോർജ്ജ് ഔസേഫ് | 2016-17 | ജനറൽ | 128000 |
| 33 | എൽസമ്മ | 2016-17 | ജനറൽ | 80000 |
| 34 | ജയിംസ് | 2016-17 | ജനറൽ | 80000 |
| 35 | മറിയാമ്മ സാമുവേൽ | 2016-17 | ജനറൽ | 176000 |
| 36 | മത്തൻ കുഞ്ഞ് | 2016-17 | ജനറൽ | 176000 |
| 37 | മറിയാമ്മ മാത്യു | 2016-17 | ജനറൽ | 80000 |
| 38 | മറിയക്കുട്ടി | 2016-17 | ജനറൽ | 80000 |
| 39 | സി.എം.ശശി | 2016-17 | ജനറൽ | 48000 |
| 40 | സൂസമ്മ പോൾ | 2016-17 | ജനറൽ | 80000 |

| | | | | |
|---|---|---|---|---|
| 41 | അന്നമ്മ രാജു | 2016-17 | ജനറൽ | 80000 |
| 42 | മോളി | 2016-17 | ജനറൽ | 128000 |
| 43 | സൈന പ്രകാശ് | 2016-17 | ജനറൽ | 152000 |
| 44 | ജയിംസി പി.ഡി. | 2016-17 | ജനറൽ | 128000 |
| 45 | വിനു സി.സി. | 2016-17 | ജനറൽ | 176000 |
| 46 | രാജു ഇ.എ. | 2016-17 | ജനറൽ | 128000 |
| 47 | മോളി സന്തോഷ് | 2016-17 | ജനറൽ | 80000 |
| 48 | പുഷ്പ സുരേന്ദ്രൻ | 2016-17 | എസ്.സി. | 80000 |
| 49 | മിനി അഗസ്റ്റിൻ | 2016-17 | ജനറൽ | 176000 |
| 50 | വസന്ത് | 2016-17 | ജനറൽ | 176000 |
| 51 | ജയ സാബു | 2016-17 | ജനറൽ | 80000 |
| 52 | രാധാമണി | 2016-17 | ജനറൽ | 176000 |
| 53 | ചാക്കോ മത്തായി | 2016-17 | ജനറൽ | 128000 |
| 54 | ശാന്താ കെ.കെ. | 2016-17 | ജനറൽ | 110000 |
| 55 | ഡാനിയൽ പി.സി. | 2016-17 | ജനറൽ | 80000 |
| 56 | അയൂബ് പി.പി. | 2016-17 | ജനറൽ | 80000 |
| 57 | ജോൺ സി.ഐ. | 2016-17 | ജനറൽ | 110000 |
| 58 | തോമസ് റ്റി.പി. | 2016-17 | ജനറൽ | 80000 |
| 59 | രാജീവ് പി.ആർ. | 2016-17 | എസ്.സി. | 48000 |
| 60 | പെണ്ണമ്മ മത്തൻ | 2016-17 | എസ്.സി. | 80000 |

മേൽ ഗുണഭോക്താക്കളിൽ 5 പേർ ആദ്യഗഡു കൈപ്പറ്റിയശേഷം ഭവനനിർമ്മാണം നടത്താത്തവരാണ്. ടി ഗുണഭോക്താക്കളിൽ നിന്ന് നൽകിയ തുക പലിശ സഹിതം ഈടാക്കാവുന്നതാണ്. മറ്റ് ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വിവിധ ഗ്രാമപഞ്ചായത്തുകൾ/ ജില്ല പഞ്ചായത്ത് | 2016-17 | 20226245 | ഐ.എ.വൈ. അധികധനസഹായം | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കല്ലറ, കടുത്തുരുത്തി, വെള്ളൂർ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | എസ്. ബി.റ്റി കടുത്തുരുത്തിയിലുള്ള 672646609264നം അക്കൗണ്ടിൽ ട്രാൻസഫർ ക്രെഡിറ്റ് ചെയ്തു | 1243639 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1243639 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | ജി.ഒ(എം.എസ്)90/13 /ത.സ്വ.ഭ.വ 14.3.13 | 2534500 | 2534500 | 0 | 0 | 2534500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2005-06 | 3-1 | 2007-08 | 3-3(5-1) | റീ ഇമ്പേഴ്സ് തുക തിരിമറി നടത്തി | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |
| 2006-07 | 3-11 | 2009-10 | 3-11 പൊതുഅവലോകനം | കെ.എസ്.ഇ.ബി നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |
| 2003-04 | 3-2 | 2006-07 | 3-3(1-1) | മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റി, പദ്ധതി ഉപേക്ഷിച്ചു. | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 107458664 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 84557834 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2428013 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 106422 | ഡോ.ബിജു, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-4 | 45895 | ശ്രീമതി സബിത എസ്. വാലുങ്കൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | 103455 | |
| 3-7 | 2172241 | ശ്രീ.ബെവിൻ ജോൺ വർഗ്ഗീസ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | 2428013 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1997-98 | എൽ.എഫ്.കെ.പി1/644/04തീയ്യതി 23.10.14 |
| 1998-99 | എൽ.എഫ്.കെ.പി1/955/02തീയ്യതി 26.5.03 |
| 1999-00 | എൽ.എഫ്.കെ.പി1/380/01തീയ്യതി 25.10.12 |
| 2000-01,01-02 പ്ളാൻ | എൽ.എഫ്.കെ.പി1/705/03തീയ്യതി 12.4.04 |
| 2002-03 | എൽ.എഫ്.കെ.പി1/139/05തീയ്യതി 2.7.05 |
| 2003-04 | എൽ.എഫ്.കെ.പി1/472/06തീയ്യതി 13.9.06/11.10.06 |
| 2004-05 | എൽ.എഫ്.കെ.പി1/323/07തീയ്യതി 25.10.12 |
| 2005-06 | എൽ.എഫ്.കെ.പി1/324/07തീയ്യതി 25.10.12 |
| 2006-07 | എൽ.എഫ്.കെ.പി9/845/08തീയ്യതി 25.6.09 |
| 2007-08 | എൽ.എഫ്.കെ.പി9/20/11 തീയ്യതി 11.6.13 |
| 2008-09 | എൽ.എഫ്.കെ.പി9/209/11 തീയ്യതി 17.6.13 |
| 2009-10 | എൽ.എഫ്.കെ.പി9/210/11തീയ്യതി 25.10.12 |
| 2010-11 | എൽ.എഫ്.കെ.പി9/1460/11തീയ്യതി 25.10.12 |
| 2011-12 | എൽ.എഫ്.കെ.പി.9/919/13തീയ്യതി 8.4.14/16.04.14 |
| 2012-13 | കെ.എസ്.എ കെ.ടി.എം പി 9 /34/2017, 30.03.17 |
| 2013-14 | കെ.എസ്.എ കെ.ടി.എം പി 9 /1196/15, 08.10.15/21.10.15 |
| 2014-15 | കെ.എസ്.എ കെ.ടി.എം പി 9 -16/17, 14.02.17 |
| 2015-16 | കെഎസ്എ.കെടിഎം.പി.9-128/17/07.02.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ-കെടിഎം.പി.15-1580/2017 തീയതി-02.11.2017

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന്റെ **2016-17**വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന്റെ **2016-17**ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം